# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 774 08.03.2012 - ൽ മറുപടിക്ക്

## കറുകുറ്റി-മൂക്കന്നൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി-മൂക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി- മുക്കന്നൂർ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതിയ്ക്കാവശ്യമായ ശുദ്ധീകരണശാലയും, പമ്പിംഗ് മെയിൻ വിതരണ ശൃംഖലയുടെ പ്രധാന പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കൈമാറിയ സ്ഥലത്തിന്റെ ഒരു ഭാഗത്ത് കൈവശം സംബന്ധിച്ച തർക്കവും കോടതിയിൽ കേസും നിലവിലുണ്ട്. ആയതിനാൽ ടി പദ്ധതിയുടെ പമ്പിംഗ് പൈപ്പുകളും ജല ശുദ്ധീകരണ ശാലയിൽ നിന്ന് വെള്ളം കൊണ്ടുപോകുന്ന പ്രധാന പൈപ്പുകളും ഈ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ശുദ്ധീകരണ ശാലകളിൽ നിന്നുള്ള മലിന ജലം പോകുന്നതിനുള്ള പൈപ്പുകളും ഈ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പൈപ്പ് സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച കാര്യങ്ങൾ പഞ്ചായത്ത് പരിഹരിച്ച് സ്ഥലം എടുത്ത് തരാമെന്ന് ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. കൂടാതെ കറുകുറ്റി പഞ്ചായത്തിലെ രണ്ട് സ്ഥലങ്ങളിൽ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് ശുദ്ധജല വിതരണ പൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള അനുമതി റെയിൽവേയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തുക മേലൂർ കെ.എസ്.ഇ.ബി ഓഫീസിൽ 06.02.2012 -ൽ അടച്ചു എങ്കിലും മാറ്റി സ്ഥാപിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി എന്ന ത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) | മേൽപറഞ്ഞ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പിടാൻ അനുമതി ലഭിച്ചു കഴിഞ്ഞാൽ മെയ് 2012-നുള്ളിൽ ജോലികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ